## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1744 16.02.2016-ന് മറുപടി നൽകേണ്ടത്

### വിവരാവകാശ നിയമത്തിൽ നിന്നും വിജിലൻസ് വകുപ്പിനെ ഒഴിവാക്കൽ

| | **ചോദ്യം**<br>ശ്രീ. കെ. വി. വിജയദാസ് | | **ഉത്തരം**<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന വിജിലൻസ് വകുപ്പിനെ വിവരാവകാശ നിയമത്തിൽ നിന്ന് ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | സംസ്ഥാന വിജിലൻസ് വകുപ്പിനെ അപ്പാടെ വിവരാവകാശ നിയമത്തിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. എന്നാൽ സംസ്ഥാന വിജിലൻസ് വകുപ്പിന്റെ "T" ബ്രാഞ്ചിനെ **27.01.2016-ലെ ജി.ഒ. (പി) നം.7/2016/പൊഭവ** നമ്പർ ഉത്തരവ് പ്രകാരം വിവരാവകാശ നിയമം 2005-ന്റെ പരിധിയിൽ നിന്ന് ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ എസ്.ആർ.ഒ. നമ്പർ നിലവിൽ വന്നിട്ടില്ല. |
| (ബി) | പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനിടയായ സാഹചര്യം വിശദമാക്കുമോ; | (ബി) | അതീവ രഹസ്യ സ്വഭാവമുള്ള കേസുകൾ കൈകാര്യം ചെയ്യുന്ന വകുപ്പാണ് വിജിലൻസിന്റെ "Top Secret" ബ്രാഞ്ച് ("T" ബ്രാഞ്ച്). വിവരാവകാശ നിയമം 2005-ന്റെ പരിധിയിൽ വരുന്നതാകയാൽ അന്വേഷണങ്ങളെയും കേസുകളുടെ രഹസ്യ സ്വഭാവത്തെയും ഇത് ദോഷകരമായി ബാധിക്കും എന്നതുകൊണ്ട് "T" ബ്രാഞ്ചിനെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്നുള്ള ആഭ്യന്തര (വിജിലൻസ്) വകുപ്പിന്റെ ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണ് "T" ബ്രാഞ്ചിനെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചത്. |
| (സി) | ഇത് പാർലമെന്റ് പാസ്സാക്കിയ പ്രസ്തുത നിയമത്തിന്റെ വകുപ്പ് 8 ക്ലോസ് (1)-ന് വിപരീതമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ ? | (സി) | വിവരാവകാശ നിയമത്തിന്റെ വകുപ്പ് 8 ക്ലോസ് (1) പ്രകാരം ചില പ്രത്യേക വിവരങ്ങളെ വിവരാവകാശ നിയമപ്രകാരമുള്ള വെളിപ്പെടുത്തലിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. അതിൽ ഭാരതത്തിന്റെ പരമാധികാരത്തെയും അഖണ്ഡതയെയും, രാജ്യത്തിന്റെ സുരക്ഷിതത്വത്തെയും തന്ത്രപ്രാധാന്യത്തെയും, ശാസ്ത്രീയവും സാമ്പത്തികവുമായ താൽപര്യങ്ങളെയും, വിദേശരാജ്യങ്ങളുമായുള്ള ബന്ധത്തെയും ഹാനികരമായി ബാധിക്കുന്ന വിവരങ്ങൾ ഒരു കുറ്റകൃത്യത്തിന് പ്രേരണ നൽകുന്ന വിവരങ്ങൾ തുടങ്ങിയവ ഉൾപ്പെടും. സെക്ഷൻ 24(4) വകുപ്പ് പ്രകാരം വിജിലൻസ് വകുപ്പിന്റെ "T" ബ്രാഞ്ചിനെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയത് വകുപ്പ് 8(1) ന് വിരുദ്ധമല്ല. |

സെക്ഷൻ ഓഫീസർ

| | |
|---|---|
| ഇതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള ലിസ്റ്റ് പ്രകാരം എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് അറിയി | ടൈം ഗാർഡനർമാർക്കും 12 സ്വീപ്പർമാർക്കും ശമ്പള സ്കെയിലുള്ള തസ്തികകളിൽ സ്ഥിരനിയമനം നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ |